LIBRARY ARCHIVES Kerala Legislative Assembly

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകൾ

206 (1936) ശ്രീ. എം. രാജഗോപാലൻ: താഴെകാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യുടെ സെക്ഷൻ ഓഫീസുകൾ ഉൾപ്പെടെയുള്ള ഓഫീസുകളിൽ എത്ര ഓഫീസുകൾ ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും, വാടകയിനത്തിൽ ഓരോ വർഷവും ഇതിനായി എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക്കൽ സെക്ഷനുകൾ ഉൾപ്പെടെ 614 ഓഫീസുകൾ ഇപ്പോഴും വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. വാടകയിനത്തിൽ പ്രതിവർഷം ഏകദേശം 9.46 കോടിരൂപ ചെലവഴിക്കുന്നുണ്ട്.

110 കെ.വി. സബ് സ്റ്റേഷൻ 220 കെ.വി. സബ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള നടപടി

207 (1937) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിലെ വളപട്ടണം 110 കെ.വി. സബ് സ്റ്റേഷൻ 220 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുന്നതിന് നടപടി കൈക്കൊള്ളുമോ; ഇല്ലെങ്കിൽ വിശദാംശം അറിയിക്കുമോ?

അഴീക്കോട് മണ്ഡലത്തിൽ വളപട്ടണത്തിന് സമീപമുള്ള അഴീക്കോട് 110 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക് ഇപ്പോൾ വൈദ്യുതി ലഭ്യമാകുന്നത് തളിപറമ്പ്, കാഞ്ഞിരോട് എന്നീ 220 കെ.വി. സബ്സ്റ്റേഷനുകളിൽ നിന്നുള്ള സിംഗിൾ സർക്യൂട്ട് ലൈനുകൾ വഴിയാണ്. ഭാവിയിൽ പ്രതീക്ഷിക്കുന്ന വൈദ്യുതി ആവശ്യകതകൂടി കണക്കിലെടുത്ത് ഈ ലൈനുകൾ ശേഷികൂട്ടി ഡബിൾ സർക്യൂട്ട് ആക്കാനുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. അതുകൊണ്ട് 110 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി ആക്കാനുള്ള നടപടി പരിഗണനയിലില്ല.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

208 (1938) ശ്രീ. ജോബ് മൈക്കിൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

&

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയെന്തെന്നും അവയ്ക്ക് അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

മുൻസർക്കാരിന്റെ കാലയളവിൽ വൈദ്യുതി വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരവും, നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു. കൂടാതെ 60,48,806 രൂപ ചെലവഴിച്ച് ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ കാര്യാലയ നിർമ്മാണം 25-11-2020-ന പൂർത്തിയാക്കിയിട്ടുണ്ട്. 66 കെ.വി. സബ്സ്റ്റേഷൻ ചങ്ങനാശ്ശേരിയിൽനിന്നും ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ സെക്ഷനുവേണ്ടി ഒരു 11 കെ.വി. ഫീഡർ ഔട്ട് ലെറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും 30-7-2019-ന് പൂർത്തീകരിക്കുകയും ചെയ്തു. ഇതിന് ചെലവഴിച്ച തുക 2,44,000. കൂടാതെ 66 കെ.വി. സബ്സ്റ്റേഷൻ ചങ്ങനാശ്ശേരി 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള പദ്ധതിക്ക് സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭിക്കുകയുണ്ടായി. എസ്റ്റിമേറ്റ് തുക: 15.8 കോടിരൂപ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബി. ചെലവഴിച്ച തുക എത്രയെന്നും തദ്ദേശ ഭരണസ്ഥാപനങ്ങൾ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി നടപ്പിലാക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായ* ചേർക്കുന്നു.

വൈദ്യുതി ലൈനിൽ അറ്റകുറ്റപ്പണി

209 (1939) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനിൽ അറ്റകുറ്റപ്പണി ചെയ്യുമ്പോൾ ലൈൻ ഓഫാക്കിയാലും ജനറേറ്റർ, ഇൻവെർട്ടർ എന്നിവ ശരിയായ രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ?

വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനുമുമ്പ് വൈദ്യുതിബന്ധം വിച്ഛേദിച്ച്, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യാൻ പാടുള്ളൂവെന്ന് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. (നൂതന വർക്ക് സൈറ്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.